**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 1** **23-08-2022 - ൽ മറുപടിയ്ക്ക്**

**കേസ്സുകളിലെ സാക്ഷികൾ കൂറുമാറുന്നത് തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ . പി . അനിൽ കുമാർ ,<br>ശ്രീമതി.ഉമ തോമസ്,<br>ശ്രീ. ടി.സിദ്ദിഖ്,<br>ശ്രീമതി കെ.കെ.രമ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സുപ്രധാന കേസ്സുകളിലെ പ്രതികൾ സാക്ഷികളെ സ്വാധീനിച്ചുകൊണ്ട് കേസ്സുകൾ അട്ടിമറിക്കുന്ന സംഭവങ്ങൾ ആവർത്തിക്കപ്പെടുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | കോടതിയിലെ വിചാരണ വേളയിൽ കേസിലെ ചില സാക്ഷികൾ കൂറുമാറിയ സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | അട്ടപ്പാടി മധു വധക്കേസ്സിൽ മിക്ക സാക്ഷികളും കൂറുമാറിയതായ സംഭവം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | അട്ടപ്പാടിയിൽ മധു വധക്കേസ് മണ്ണാർക്കാട്, പട്ടികജാതി പട്ടിക വർഗ്ഗ (അതിക്രമം തടയൽ) നിയമ പ്രകാരമുള്ള പ്രത്യേക കോടതിയുടെ പരിഗണനയിലാണ്. ഇക്കാരണത്താൽ കേസിനെ സംബന്ധിച്ച കൂടുതൽ വിവരങ്ങൾ നൽകുവാൻ കഴിയില്ല.<br><br>വിചാരണയ്ക്കിടെ സാക്ഷികൾ പ്രോസിക്യൂഷനെതിരെ മൊഴി നൽകിയതിനെ തുടർന്ന് കേസിന്റെ അന്വേഷണ ഉദ്യോഗസ്ഥനായ അഗളി പ്രത്യേക മൊബൈൽ സ്ക്വാഡ് ഡി.വൈ.എസ്.പി പ്രതികളുടെ ജാമ്യം റദ്ദാക്കണമെന്നാവശ്യപ്പെട്ട് ബഹു. കോടതിയെ സമീപിച്ചു. അതോടൊപ്പം കേസിലെ പ്രത്യേക പബ്ലിക് പ്രോസിക്യൂട്ടർ, കേസിൽ സാക്ഷികളെ സ്വാധീനിക്കുന്നതിന് ശ്രമം നടക്കുന്നതായി ബഹു. കോടതി മുമ്പാകെ ലഭ്യമായ രേഖകൾ സഹിതം വിവരങ്ങൾ സമർപ്പിക്കുകയുണ്ടായി. ഹർജി പരിഗണിച്ച് ബഹു. കോടതി 20/08/2022 ൽ ഈ കേസിലെ 12 പ്രതികളുടെ ജാമ്യം റദ്ദാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) | മധുവിനെ മർദിക്കുന്നത് കണ്ടു എന്ന് മജിസ്ട്രേറ്റിന് മുമ്പിൽ മൊഴി നൽകിയവർ പോലും സാക്ഷി വിസ്താരത്തിനിടെ നേരത്തെ നൽകിയ മൊഴി നിഷേധിക്കുന്ന സംഭവങ്ങൾ ഉണ്ടായിട്ടുണ്ടോ; | (സി) | അട്ടപ്പാടിയിൽ മധു വധക്കേസ് മണ്ണാർക്കാട്, പട്ടികജാതി പട്ടിക വർഗ്ഗ (അതിക്രമം തടയൽ) നിയമ പ്രകാരമുള്ള പ്രത്യേക കോടതിയുടെ പരിഗണനയിലാണ്. ഇക്കാരണത്താൽ കേസിനെ |

| | | | |
|---|---|---|---|
| | എങ്കിൽ പ്രസ്തുത സംഭവത്തിന്മേൽ സർക്കാർ എന്ത് നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ; | | സംബന്ധിച്ച കൂടുതൽ വിവരങ്ങൾ നൽകുവാൻ കഴിയില്ല.<br><br>വിചാരണയ്ക്കിടെ സാക്ഷികൾ പ്രോസിക്യൂഷനെതിരെ മൊഴി നൽകിയതിനെ തുടർന്ന് കേസിന്റെ അന്വേഷണ ഉദ്യോഗസ്ഥനായ അഗളി പ്രത്യേക മൊബൈൽ സ്കോഡ് ഡി.വൈ.എസ്.പി പ്രതികളുടെ ജാമ്യം റദ്ദാക്കണമെന്നാവശ്യപ്പെട്ട് ബഹു. കോടതിയെ സമീപിച്ചു. അതോടൊപ്പം കേസിലെ പ്രത്യേക പബ്ലിക് പ്രോസിക്യൂട്ടർ, കേസിൽ സാക്ഷികളെ സ്വാധീനിക്കുന്നതിന് ശ്രമം നടക്കുന്നതായി ബഹു. കോടതി മുമ്പാകെ ലഭ്യമായ രേഖകൾ സഹിതം വിവരങ്ങൾ സമർപ്പിക്കുകയുണ്ടായി. ഹർജി പരിഗണിച്ച് ബഹു. കോടതി 20/08/2022 ൽ ഈ കേസിലെ 12 പ്രതികളുടെ ജാമ്യം റദ്ദാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ഡി) | പ്രസ്തുത കേസ്സിൽ കൂടുതൽ സാക്ഷികൾ കൂറുമാറുന്നത് തടയാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ഡി) | കൂറുമാറിയ സാക്ഷികൾക്കെതിരെ ഇന്ത്യൻ ശിക്ഷാ നിയമം 193 വകുപ്പ് പ്രകാരം ബഹു. കോടതിയാണ് നടപടികൾ സ്വീകരിക്കേണ്ടത്. ഇത് സംബന്ധിച്ച് പോലീസ് വിശദമായ റിപ്പോർട്ട് ബഹു. പാലക്കാട് ജില്ലാ സെഷൻസ് കോടതി മുമ്പാകെ സമർപ്പിക്കുകയുണ്ടായി. അതേതുടർന്ന് ബഹു. കോടതി 'വിറ്റ്നസ് പ്രൊട്ടക്ഷൻ സെൽ' രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. അതനുസരിച്ച് സാക്ഷികൾക്കും പ്രോസിക്യൂഷൻ വിഭാഗത്തിനും ആവശ്യമായ എല്ലാ സഹായവും പോലീസ് നൽകിവരുന്നുണ്ട്.<br><br>പ്രോസിക്യൂഷനെതിരെ മൊഴിനൽകിയതിനെത്തുടർന്ന് വനം വകുപ്പിൽ വാച്ചർമാരായി താൽക്കാലിക ജോലി ചെയ്തിരുന്ന മൂന്നുപേരെ സർവ്വീസിൽ നിന്നും പിരിച്ചുവിട്ടിട്ടുണ്ട്. കൂടാതെ ക്രിമിനൽ നടപടിക്രമം സെക്ഷൻ 311 പ്രകാരം, കൂറുമാറിയ സാക്ഷികളെ വീണ്ടും വിചാരണ നടത്തുന്നതിന് മണ്ണാർക്കാട്, പട്ടിക ജാതി പട്ടിക വർഗ്ഗ (അതിക്രമം തടയൽ) നിയമപ്രകാരമുള്ള പ്രത്യേക കോടതിയെ സമീപിക്കുന്നതുമാണ്. ഈ കേസിലെ പ്രതികൾക്ക് അർഹമായ ശിക്ഷ ലഭിക്കുന്നതിന് സാധ്യമായ എല്ലാ നടപടികളും തുടർന്നും സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ